## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2022** **07.07.2015-ൽ മറുപടിയ്ക്ക്**

# കാസർഗോഡ് വൈദ്യുതി ഭവൻ നിർമ്മാണം.

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് വൈദ്യുതി ഭവന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; ഇതിനുവേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് ; | (എ) | കാസർഗോഡ് വൈദ്യുതി ഭവൻ നൂതന സാങ്കേതികവിദ്യയായ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുവാൻ പ്ലാൻ തയ്യാറാക്കുന്നതിനായി ബോർഡ് എംപാനൽ ചെയ്ത ആർക്കിടെക്ചറൽ കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാസർഗോഡ് വിദ്യാനഗറിൽ സ്ഥാപിതമായ 110 കെ.വി. സബ്സ്റ്റേഷന്റെ പടിഞ്ഞാറു ഭാഗത്തായി ഒഴിഞ്ഞു കിടക്കുന്ന ഭൂമിയാണ് പ്രസ്തുത വൈദ്യുതി ഭവൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.<br><br>വിശദമായ പ്ലാൻ അംഗീകരിച്ച ശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാനാവുകയുള്ളൂ. |
| (ബി) | വൈദ്യുതി ഭവൻ നിർമ്മാണത്തിന്റെ കരാർ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന്റെ നിർമ്മാണം പൂർത്തിയായാൽ ഏതെല്ലാം ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുക എന്ന് വിശദമാക്കാമോ ; | (ബി) | പ്രീഫാബ് രീതിയിലുള്ള ആർക്കിടെക്ചറൽ പ്ലാൻ ലഭിച്ച ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയ ശേഷം ടെണ്ടർ നടപടികൾ പ്രകാരം കരാർ ഉറപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>താഴെപ്പറയുന്ന ഓഫീസുകളാണ് ഇപ്പോൾ പ്രസ്തുത കെട്ടിടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.<br><br>1. ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്<br>2. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കാസർഗോഡ്<br>3. സബ്സ്റ്റേഷൻ സബ് ഡിവിഷൻ, കാസർഗോഡ് |

4. ഡിസ്ട്രിബ്യൂഷൻ സർക്കിൾ സ്റ്റോർ
5. എ.പി.റ്റി.എസ്. ഓഫീസ്
6. മീറ്റർ ടെസ്റ്റിംഗ് യൂണിറ്റ്
7. ആർ.എ.ഒ. ഓഫീസ്
8. റ്റി.എം.ആർ. സബ് ഡിവിഷൻ
9. ട്രാൻസ്മിഷൻ ഡിവിഷൻ, കാസർഗോഡ്

കൂടാതെ ട്രാൻസ്മിഷൻ സർക്കിൾ, കാസർഗോഡും അതോടനുബന്ധിച്ച് ലൈൻ മെയിന്റെനൻസ് സബ് ഡിവിഷൻ, റിലേ സബ് ഡിവിഷൻ എന്നിവയും പ്രവർത്തിക്കുന്ന തിനാവശ്യമായ സൗകര്യം പ്രസ്തുത കെട്ടിടത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ഭവൻ ഇല്ലാത്തതു കൊണ്ട് കാസർഗോഡ് ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ; വൈദ്യുതി ഭവൻ നിലവിൽ വന്നാൽ പ്രസ്തുത ഇനത്തിൽ സർക്കാരിന് എത്ര രൂപ ലാഭമുണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ ?

(സി) (1) ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്, (2) റീജിയണൽ ആഡിറ്റ് ഓഫീസ്, കാസർഗോഡ്, (3) നോഡൽ ഓഫീസ്, കാസർഗോഡ്, (4) ഇലക്ട്രിക്കൽ ഡിവിഷൻ, കാസർഗോഡ്, (5) ഇലക്ട്രിക്കൽ സെക്ഷൻ, കാസർഗോഡ് എന്നീ ഓഫീസുകൾ കാസർഗോഡ് പ്രദേശത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് നിലവിൽ 37,546/- രൂപ പ്രതിമാസ വാടക നൽകുന്നു. ടി വൈദ്യുതി ഭവനം നിലവിൽ വന്നാൽ ടി വാടക തുക ഒഴിവാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.